## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1067 | | | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| ക്ലീൻ കേരള പദ്ധതി | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.വി.ജോയി<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.മുരളി പെരുനെല്ലി | | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | ക്ലീൻ കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നഗര-ഗ്രാമപ്രദേശങ്ങളിൽ ജൈവ-അജൈവ മാലിന്യം ശാസ്ത്രീയമായി പരിപാലിച്ച് മാലിന്യ പ്രശ്നം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പദ്ധതിയുടെ ഘടകമായി ശുചിത്വം കേരളം പദ്ധതി ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭ കളുടെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br>1. ഗ്രാമപഞ്ചായത്തുകളിൽ/നഗരസഭകളിൽ ആവശ്യമെങ്കിൽ പൊതു ഖരമാലിന്യ പരിപാലന സംവിധാനം സൃഷ്ടിക്കുക, നിലവിലുള്ള പൊതു സംവിധാനങ്ങളുടെ അറ്റകുറ്റ പണി നടത്തി മാലിന്യ പരിപാലനം ഉറപ്പാക്കുക.<br>2. കമ്മ്യൂണിറ്റി തലത്തിലും സ്ഥാപന തലങ്ങളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകുക.<br>3. ഗാർഹിക തലത്തിൽ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പരമാവധി അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക. ഇതിലൂടെ പൊതുസ്ഥലത്തെത്തുന്ന മാലിന്യത്തിന്റെ അളവ് പ രമാവധി കുറയ്ക്കുക.<br>4. ഗാർഹിക കക്കൂസ്/കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മിച്ചു നൽകാൻ സഹായം നൽകുക.<br>5. അറവുശാല, ക്രിമറ്റോറിയം നിർമ്മാണം അഥവാ നവീകരണം<br>6. സ്ഥാപനതലത്തിൽ മാതൃക ദ്രവമാലിന്യ പരിപാലന പദ്ധതി<br>7. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുക.<br>8. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ ജനങ്ങളിൽ അനുകൂല മനോഭാവ മാറ്റവും ശീലവത്കരണവും. |
| (ബി) | ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | നടപ്പിലാക്കിയ പദ്ധതികൾ പൂർണ്ണമായി ലക്ഷ്യം കൈവരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ